എൽ.എഫ്.കെഎൻആർ/ഡി4/224/2010

ലോക്കൽ ഫ ˘ ഓഡിറ്റ്
ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
കണ്ണൂർ ജില്ല,
തീയതി : 6.8..2010

# കണ്ണൂർ ജില്ലയിലെ പയ്യന്നൂർ ബ്ളോക്ക് പഞ്ചായത്തിന്റെ 2007-08 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215 (4)-ാം വകുപ്പ് 1994 ലെ കേരളാ ലോക്കൽ ഫ ˘ ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരളാ ലോക്കൽ ഫ ˘ ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

**ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും**

**ശ്രീ പി.എൻ.മധുസൂദനൻ**
**ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ),**
**ഡെപ്യൂട്ടി ഡയറക്ടറുടെ അധികച്ചുമതല**

## ഓഡിറ്റിനു വിധേയമാക്കിയ കണക്കുകൾ

പയ്യന്നൂർ ബ്ളോക്ക് പഞ്ചായത്തിന്റെ **2007-08** സാമ്പത്തികവർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിനു വിധേയമാക്കുകയു ായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയു ായി.

പഞ്ചായത്ത് 1.4.09 മുതൽ 11.2.10 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗ ുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയു ായി.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിനു വിനിയോഗിച്ച സമയം | ഓഡിറ്റ് ചെയ്ത കണക്കുകളുടെ വിവരം<br><br>(വരവ്/ചെലവ്/വാർഷികം) | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം |
|---|---|---|
| 15.2.2010 മുതൽ 25.2.2010 വരെ | 2007-08 വാർഷികം | ശ്രീ.പി.എൻ.മധുസൂദനൻ<br>ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)<br>ശ്രീമതി.ടി.പി.സിന്ധു,<br>സെലക്ഷൻ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.മനോജ് കുമാർ ടി ജോർജ്ജ്,<br>ഓഡിറ്റർ |

## നിർവഹണാധികാരികൾ

പ്രസിഡന്റ്
**1. ശ്രീ.ഇ.പി.കരുണാകരൻ 1.4.2007 മുതൽ 31.3.2008 വരെ.**

സെക്രട്ടറി
**1. ശ്രീ.ഇ.സി.ഭാസ്കരൻ ജോയിന്റ് ബിഡിഒ അധിക ചുമതല 1.4.07 മുതൽ 20.5.07 വരെ**
**2. ശ്രീ. പി.പി.ചന്ദ്രശേഖരൻ 21.5.07 വരെ മുതൽ 31.3.08 വരെ**

## റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

**ഭാഗം 1 . പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും

**ഭാഗം 2 . വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രശീത് പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും ക ത്തിയ അപാകതകൾ, ക്രമക്കേടുകൾ മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 3 : ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ ക ത്തിയ ക്രമക്കേടുകൾ മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 4 : ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

പഞ്ചായത്തിന്റെ വിവിധ ഇനങ്ങളിൽ ഉള്ളതും ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയതുമായ വാർഷിക കണക്കുകളെ സംബന്ധിച്ച വിവരങ്ങൾ, സാമ്പത്തികനില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

***അനുബന്ധ പത്രികകൾ***

ഓഡിറ്റ് സർട്ടിഫിക്കറ്റ്

## ഭാഗം 1- പൊതു അവലോകനം

പയ്യന്നൂർ ബ്ളോക്ക് പഞ്ചായത്തിന്റെ **2007-08** വർഷത്തെ ബജറ്റ് 12.3.07 ൽ കൂടിയ പഞ്ചായത്ത് യോഗം അംഗീകരിക്കുകയു ായി. ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ആകെ വരവ് 4,99,68,000/- രൂപയും ആകെ ചെലവ് 4,92,26,000/- രൂപയും ആണ്.

ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം 2007-08 വർഷത്തെ ആകെ വരവ് 3,24,03,651/- രൂപയും ആകെ ചെലവ് 24,92,65,575/- രൂപയും ആണ്. (ബ്ളോക്ക് പഞ്ചായത്തിന്റെ തനത് വിനിയോഗത്തിനു ലഭിച്ച യഥാർത്ഥ വരവ് (ഋണബാദ്ധ്യത കിഴിച്ചുള്ള വരവ്)2,40,71,785/- രൂപയാണ്.)

സാമ്പത്തിക വർഷത്തെ ആകെ വരവിൽ സർക്കാരിൽ നിന്നും വിവിധ സ്ഥാപനങ്ങളിൽ നിന്നും ധനസഹായമിനത്തിൽ ലഭിച്ച 3,16,85,559/- രൂപയും പഞ്ചായത്തിന്റെ തനത് വരുമാനമായ 206127/- രൂപയും ഉൾപ്പെടുന്നു.

മേൽ പറഞ്ഞ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിനു വിധേയമാക്കിയതിൽ 440.70 രൂപ ഓഡിറ്റിൽ അംഗീകരിക്കാൻ സാധിക്കാത്ത വിധത്തിൽ ചെലവ് ചെയ്തതായി കാണുന്നു. വിവിധ കാരണങ്ങളാൽ 330676/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു
( വിശദവിവരത്തിനായി ഈ റിപ്പോർട്ടിന്റെ ഭാഗം മൂന്നിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.)

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട മറ്റു പൊതുവായ വിവരങ്ങൾ താഴെ കൊടുക്കുന്നു.

ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ കാര്യമായ വ്യത്യാസമു ്. യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേ തു ്.

ഓഡിറ്റിൽ സമർപ്പിച്ച വാർഷിക കണക്ക് ബ്ളോക്ക് പഞ്ചായത്ത് രേഖകൾ പ്രകാരമുള്ള കണക്കുകളിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നുവെന്നത് ഓഡിറ്റിൽ ഗൗരവമായി കാണുന്നു. വരവു ചെലവു രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ കണക്കുകളുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. എക്കൗ ിലെ അപാകതകൾ ഖണ്ഡിക 2-1ൽ ചൂ ിക്കാട്ടിയിട്ടു ്. പഞ്ചായത്തിന്റെ വരവിനങ്ങളുടെ വിവരം കാണിക്കുന്ന ഡിസിബി പത്രിക വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റിനോടൊപ്പം ഹാജരാക്കിയിട്ടില്ല.

2007-08 സാമ്പത്തിക വർഷം വികസന ഫ ിനത്തിൽ 1,90,41,000/- രൂപ വരവു ്. 42,06,380/- രൂപ മുന്നിരിപ്പുൾപ്പെടെ ആകെ ലഭ്യമായ 2,32,47,380/- രൂപയിൽ 2006-07ൽ 80% ൽ കുറവു വന്നതിനാൽ നഷ്ടമായ 7,45,380/- രൂപ കഴിച്ച് ബ്ളോക്ക് പഞ്ചായത്ത് വിനിയോഗത്തിനായി 2,25,02,000/- രൂപ ലഭ്യമായതിൽ 1,34,80,118/- രൂപ ചെലവഴിച്ചിട്ടു ്(60%)

***വികസന ഫ□ ്***

2007-08 ലെ വാർഷിക പദ്ധതി കണക്കു പ്രകാരം വികസന ഫ ുപയോഗിച്ച് മൊത്തം 21686402 രൂപയ്ക്കുള്ള പദ്ധതികളാണ് തയ്യാറാക്കിയത്. ഇതിൽ 20% ഉൽപാദന മേഖലയിലും 44% സേവന മേഖലയിലും 10% പശ്ചാത്തല മേഖലയിലും 26% മേഖലാ വിഭജനത്തിൽപ്പെടാത്ത ഇനങ്ങൾക്കും വേ ിയുള്ള പ്രോജക്ടുകളാണ്. ഉൽപാദന മേഖലയിൽ വകയിരുത്തിയ തുകയുടെ 20% വും സേവനമേഖലയിൽ വകയിരുത്തിയതിന്റെ 44% വും മാത്രമാണ് ചെലവഴിച്ചത്. പശ്ചാത്തല മേഖലയിലെ ചെലവ് 62% വും മേഖലാ വിഭജനത്തിൽപ്പെടാത്ത ഇനങ്ങൾക്ക് 92%വും ആണ് ചെലവ്. തൻവർഷവും 80% ചെലവ് കൈവരിച്ചിട്ടില്ല. (ആകെ ചെലവ് 1,30,97,868/- രൂപ അതായത് 60%)

മെയിന്റനൻസ് ഗ്രാന്റ് ചെലവ് 24.89% മാത്രമാണ്. ബി ഫ ് എക്കൗ ിംഗിലെ പോരായ്മകൾ ഖണ്ഡിക 2-1ൽ ചേർത്തിട്ടു ്.

പ്രധാന രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കാത്തത് ഖണ്ഡിക 2-6ൽ ചൂ ിക്കാട്ടിയിട്ടു ്. പൂരക പോഷകാഹാര വിതരണ പദ്ധതിക്കായി വിവിധ പഞ്ചായത്തുകൾക്ക് നൽകിയതിൽ വിനിയോഗിക്കാത്ത തുക തിരിച്ചടയ്ക്കാത്തത് ഖണ്ഡിക 3-5ൽ പരാമർശിച്ചിട്ടു ്. ഒ.പി.ടിക്കറ്റ് പ്രിന്റിംഗിന് ബി ഫ ് വിനിയോഗിച്ചത് മറ്റൊരു അപാകതയാണ്. (ഖണ്ഡിക 3-4)

വ്യവസായ എസ്റ്റേറ്റുകളിലെ റൂമുകൾ ഒഴിഞ്ഞു കിടക്കുന്നത് ബ്ളോക്ക് പഞ്ചായത്തിന് നഷ്ടം ഉ ാക്കുന്നു ്. (ഖണ്ഡിക 2-3). വാടക രജിസ്റ്ററുകൾ യഥാവിധി സൂക്ഷിക്കാത്തത് കുടിശ്ശിക ഈടാക്കുന്നതിന് തടസ്സമാകാൻ സാദ്ധ്യതയു ് (ഖണ്ഡിക 2-4) ലേലം സംബന്ധിച്ച രേഖകളൊന്നും ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ വന്ന വരവിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

ക്വട്ടേഷൻ നടപടി ക്രമങ്ങൾ ഒഴിവാക്കാൻ വ്യത്യസ്ത ബില്ലുകളിലായി ഒരേ ദിവസം ഒപി ടിക്കറ്റ് പ്രിന്റിംഗ് ചാർജ്ജ് നൽകിയത് ശരിയായ നടപടിയല്ല. (ഖണ്ഡിക 3-3) മരുന്നിന് ക്വാട്ട് ചെയ്തതിനേക്കാൾ കൂടുതൽ വില നൽകിയതിനാൽ 440.70 രൂപ ഖണ്ഡിക 3-2ൽ തടസ്സപ്പെടുത്തിയിട്ടു ്.

12.88 ലക്ഷം രൂപ ചെലവഴിച്ച് കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ച വൃദ്ധ സദനം പ്രവർത്തന ക്ഷമമാക്കാത്തതിനാൽ ആയത് നിഷ്ക്രിയ ആസ്തിയായി തുടരുകയാണ്. (ഖണ്ഡിക 3-7) ബ്ളോക്ക് പഞ്ചായത്ത് കെട്ടിടത്തിന്റെ വികസനത്തിനായി തയ്യാറാക്കിയ പ്രോജക്ട്, അടങ്കൽ തുക മുഴുവനായും ചെലവഴിച്ചിട്ടും എസ്റ്റിമേറ്റിൽ വിഭാവനം ചെയ്ത നേട്ടങ്ങൾ കൈവരിച്ചില്ലെന്നത് മറ്റൊരു അപാകതയാണ്. (ഖണ്ഡിക 3-8) കേരളാ സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ ഖണ്ഡിക 1.11.1 അനുശാസിക്കും പ്രകാരം മരാമത്ത് പണികളിൽ ഭാഗിക ബിൽ നൽകുമ്പോൾ 10% റീടെൻഷൻ തുകയായി പിടിച്ചു വയ്ക്കാത്തത് ബ്ളോക്ക് പഞ്ചായത്തിന്റെ സാമ്പത്തിക താൽപര്യത്തിന് വിരുദ്ധമാണ് (ഖണ്ഡിക 3-9)

## ഭാഗം 2
## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### (2-1) വാർഷിക കണക്കിലെ അപാകതകൾ

***(എ) മുന്നിരിപ്പ്***

സമർപ്പിച്ച വാർഷിക കണക്കും കാഷ് ബുക്കും തമ്മിൽ താഴെ പറയും പ്രകാരമുള്ള വ്യത്യാസമു ്.

| ഇനം | കാഷ് ബുക്ക് | വാർഷിക കണക്ക് | വ്യത്യാസം |
|---|---|---|---|
| പിഡി (പ്ളാൻ) | 7355729.00 | 9187682.00 | (–)1831953.00 |
| പിഡി (തനത്) | 3313767.00 | – | 3313767.00 |
| ബാങ്കിലെ ബാലൻസ് | 4593927.00 | 3748174.00 | 845753.00 |
| | | | 2327567.00 |

***(ബി) വരവ്***

| | ഇനം | രസീത് ബുക്കുകൾ പ്രകാരം | വാർഷിക കണക്കിൽ കാണിച്ചത് |
|---|---|---|---|
| 1 | വാടക | 145998.00 | 149998.00 |
| 2 | മുൻകൂർ വാടക | 15000.00 | - |
| 3 | ലേലം | 14500.00 | - |
| 3എ | ലേലം-വാറ്റ് | 1303.00 | - |
| 4 | ടെ ർ ഫോറം വില | 47532.00 | 53376.00 |
| | അപേക്ഷാ ഫോറം വില | 100.00 | - |
| 5 | ഫോറം വില വാറ്റ് | 5938.00 | - |
| 6 | ഓഡിറ്റ് റിക്കവറി | 284.00 | - |
| 7 | ബിഡിഒ തിരിച്ചു നൽകിയത് | 20003.00 | - |
| 8 | ഡെപ്പോസിറ്റ് /നിരതദ്രവ്യം | 88854.00 | 97704.00 |

ആദായ നികുതി, വാറ്റ്, സിഡബ്ള്യുഎഫ് ഇനങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല. മറ്റു വരവുകൾ എന്ന ഹെഡിൽ 417014/- രൂപ ഒരുമിച്ച് വരവു കാണിച്ചതിൽ ഏതൊക്കെ വരവിനങ്ങൾ ഉൾപ്പെടുന്നു ് എന്ന് വ്യക്തമല്ല.

***ബി ഫ ്***

യഥാർത്ഥത്തിൽ ചെലവഴിച്ച തുകയാണ് വരവിലെടുക്കേ തെങ്കിലും ആകെ അലോട്ട്മെന്റാണ് വരവു കാണിച്ചത്.

| | | ചെലവഴിച്ച തുക |
|---|---|---|
| ആരോഗ്യ വകുപ്പ് | 750000 | 231479 (പിഎച്ച്സി പഴയങ്ങാടി) + 126613 (ഏഴോം)+134910 (കരിവെള്ളൂർ)+ 48312(മാട്ടൂൽ)+ 89993 (പെരിങ്ങോം) = 631307 രൂപ |
| പട്ടികജാതി വികസന വകുപ്പ് | 196900 | 196510 |

ബി ഫ ് വരവു ചെലവുകൾ കാഷ് ബുക്കിൽ ഉൾപ്പെടുത്താത്തതും അപാകതയാണ്. റസീറ്റ് രജിസ്റ്ററും (ആർആർ) പേയ്മെന്റ് രജിസ്റ്ററും (പിആർ) സൂക്ഷിക്കാത്തതിനാൽ മറ്റു വ്യത്യാസങ്ങൾ ക ത്താൻ കഴിഞ്ഞിട്ടില്ല.

ഡിസിബി പത്രിക വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിനോടൊപ്പം സമർപ്പിച്ചിട്ടില്ല. വരവു തുകകൾ വാർഷിക കണക്കിൽ ചേർക്കാത്തതും കണക്കിൽ ചേർത്ത തുകയുടെ വിവരം ലഭ്യമല്ലാത്തതും ബ്ളോക്ക് പഞ്ചായത്തിന്റെ സാമ്പത്തിക അച്ചടക്കമില്ലായ്മയെ ആണ് വെളിവാക്കുന്നത്. അടിസ്ഥാന രേഖകളായ വരവ്, ചെലവു രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കാത്തതും അടിസ്ഥാന രഹിതങ്ങളായ തുകകൾ രേഖപ്പെടുത്തി വാർഷിക കണക്ക് ലഭ്യമാക്കിയതും ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി , സെക്രട്ടറി എന്നിവരുടെ ഭാഗത്തെ ഗുരുതര വീഴ്ചയായി ഓഡിറ്റ് കരുതുന്നു. കണക്കുകൾ കൃത്യമായി തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേ താണ്.

## (2-2) വരവു തുക അടുത്ത പ്രവൃത്തി ദിനം തന്നെ അടയ്ക്കണം

ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർക്ക് പയ്യന്നൂർ ബ്ളോക്ക് പഞ്ചായത്ത് നൽകിയ 11-ാം നമ്പർ രസീത് ബുക്ക് പ്രകാരം 23.12.09, 30.12.09 എന്നീ തിയ്യതികളിലായി 3039/- രൂപ പിരിച്ചെടുത്തിട്ടു ്. ഈ തുക ട്രഷറിയിൽ അടയ്ക്കുന്നത് 4.1.2010 തിയ്യതിയിലാണ്. ഇത് ശരിയായ നടപടിയല്ല. ഓരോ ദിവസത്തെയും കലക്ഷൻ തുക തൊട്ടടുത്ത പ്രവൃത്തി ദിനം തന്നെ അടയ്ക്കാൻ ശ്രദ്ധിക്കേ താണ്. (കേരളാ ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 7(2))

## (2-3) വ്യവസായ എസ്റ്റേറ്റ് - ഒഴിഞ്ഞു കിടക്കുന്ന മുറികൾ ബ്ളോക്ക് പഞ്ചായത്തിന് നഷ്ടം

പയ്യന്നൂർ ബ്ളോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ വ്യവസായ എസ്റ്റേറ്റുകളിലായി 4 മുറികൾ വാടകക്കാരില്ലാതെ ഒഴിഞ്ഞു കിടക്കുകയാണ്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

ചൂരൽ വ്യവസായ എസ്റ്റേറ്റിലെ കെഎപി 3 470 ബി നമ്പർ മുറി 26.2.08 മുതൽക്കും മാതമംഗലം വ്യവസായ എസ്റ്റേറ്റിലെ ഇകെപി 5 309 ഡി നമ്പർ മുറി 28.3.08 മുതൽക്കും ചെറുതാഴം വനിതാ വ്യവസായ എസ്റ്റേറ്റിലെ 268 എഫ്, 268 ജി നമ്പർ മുറികൾ 10.7.2007 മുതൽക്കും ഒഴിഞ്ഞു കിടക്കുന്നതായി കാണുന്നു. ബ്ളോക്ക് പഞ്ചായത്തിന് വൻ തുകയാണ് ഈയിനത്തിൽ നഷ്ടമായിക്കൊ ിരിക്കുന്നത്. ഒഴിഞ്ഞു കിടക്കുന്ന മുറികൾ വീ ും വാടകയ്ക്ക് നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേ താണ്.

## (2-4) വാടക രജിസ്റ്ററിലെ അവ്യക്തതകൾ

വ്യവസായ എസ്റ്റേറ്റിൽ നിന്നുള്ള വാടക വരവ്, കുടിശ്ശിക ഈടാക്കുവാൻ സ്വീകരിച്ച നടപടികൾ ഇവ സംബന്ധിച്ചുള്ള കൃത്യമായ വിവരങ്ങൾ വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിക്കാണുന്നില്ല.

ഉദാഹരണമായി ചൂരൽ മിനി വ്യവസായ എസ്റ്റേറ്റിലെ കെഎപി 3 470 സി നമ്പർ റൂമിന് 5.12.06 ന് ശേഷവും മാതമംഗലം വ്യവസായ എസ്റ്റേറ്റിലെ ഇകെപി 4 309 സി നമ്പർ മുറിക്ക് 9.7.07 ന് ശേഷവും വാടക വരവായി ഒന്നും രേഖപ്പെടുത്തിക്കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ബ്ളോക്ക് പഞ്ചായത്ത് യാതൊരു മറുപടിയും നൽകിയിട്ടില്ല. മേൽ സൂചിപ്പിച്ച മുറികളുമായി ബന്ധപ്പെട്ട് വാടകകുടിശ്ശികയു ങ്കിൽ ആയത് ഈടാക്കേ താണ്. ഒഴിഞ്ഞു കിടക്കുകയാണെങ്കിൽ അതു സംബന്ധിച്ച് വിശദീകരണം നൽകേ താണ്.

പ്രണവം ഡിഡബ്ള്യുസിആർഎ കാന്റീനിൽ നിന്നുള്ള വാടക വരവ്, വാടക രജിസ്റ്ററിൽ ചേർത്ത് കാണുന്നില്ല. ഇതു സംബന്ധിച്ചുള്ള വിശദീകരണവും ഓഡിറ്റിന് ലഭ്യമാക്കേ താണ്.

## (2-5) ലേല വരവുകൾ - ഫയലും രജിസ്റ്ററും ഹാജരാക്കിയില്ല

2007-08 വർഷത്തിലെ ലേല വരവുകൾ സംബന്ധിച്ചുള്ള ഫയലുകളും രജിസ്റ്ററും ഓഡിറ്റ് റിക്വിസിഷൻ വഴി ആവശ്യപ്പെട്ടിട്ടും (ഓഡിറ്റ് റിക്വിസിഷൻ നമ്പർ എംകെടി 1 തിയ്യതി 20.2.2010) ബ്ളോക്ക് പഞ്ചായത്ത് ഹാജരാക്കിയില്ല. തൻവർഷം ഈയിനത്തിൽ 15803/- രൂപ വരവു ്. (1303 രൂപ മൂല്യ വർദ്ധിത നികുതിയുൾപ്പെടെ) സമീപ കാലത്തുള്ള വരവുകൾ സംബന്ധിച്ച രേഖകൾ പോലും ഹാജരാക്കുന്നതിന് ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നു ായ അനാസ്ഥ അതീവ ഗൗരവമായ വീഴ്ചയായി ഓഡിറ്റ് നിരീക്ഷിക്കുന്നു. ഫയലുകളും രജിസ്റ്ററുകളും ഓഡിറ്റിന് ഹാജരാക്കാൻ സത്വര നടപടി സ്വീകരിക്കേ താണ്. ഇക്കാര്യത്തിലേക്ക് ഭരണ വകുപ്പിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## (2-6) രജിസ്റ്ററുകൾ സൂക്ഷിക്കാത്തത്

ഡെപ്പോസിറ്റ് രജിസ്റ്റർ, വരവു രജിസ്റ്റർ, ചെലവു രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ടെ ർ ഫോറം സ്റ്റോക്ക് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ തുടങ്ങിയ പ്രധാന രജിസ്റ്ററുകളൊന്നും തന്നെ ബ്ളോക്ക് പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്നില്ല.

ഡെപ്പോസിറ്റ് തിരിച്ചുനൽകുമ്പോൾ ഒറിജിനൽ രസീതിൽ മാത്രം രേഖപ്പെടുത്തി തുക നൽകുകയാണ് ചെയ്യുന്നത്.

സെക്യൂരിറ്റി ഡെപ്പോസിറ്റായി വയ്ക്കുന്ന വാല്വബിൾസ് രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഈയിനത്തിൽ വരുന്ന എഫ്ഡി രസീതുകളും നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റുകളും അതാത് ഫയലുകളിൽ അലക്ഷ്യമായി വയ്ക്കുകയാണ് ചെയ്യുന്നത്. വില പിടിപ്പുള്ള രേഖകൾ സൂക്ഷിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമുള്ള കാര്യക്ഷമമായ സംവിധാനം ഉ ാക്കാൻ ശ്രദ്ധിക്കേ തു ്.

## (2-7) സർക്കാരിലേക്കും മറ്റു സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനുള്ള തുകകൾ

ആദായ നികുതി,വാറ്റ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം തുടങ്ങി സർക്കാരിലേക്കും മറ്റു സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനായി പിരിച്ചിട്ടുള്ളതും ഒടുക്കിയതുമായ തുകയുടെ വിവരം കാണിക്കുന്ന രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച വിവരങ്ങൾ

വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടില്ല. തനത് ഫ ിൽ നിന്ന് വർക്ക് ബില്ലുകൾ നൽകുമ്പോൾ കോൺട്രാക്ടർക്കു നൽകാനുള്ള തുകകൾ മാത്രം (അറ്റതുക) പിൻവലിച്ചു നൽകുകയാണ് ചെയ്യുന്നത്. റിക്കവറികൾ കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. അതു കൊ ു തന്നെ വർക്ക് ബില്ലുകളിൽ നിന്ന് നികുതിയിനത്തിൽ കുറവു ചെയ്യുന്ന തുകയുടെ വിവരം പരിശോധിക്കാൻ കഴിയുന്നില്ല.

## ഭാഗം 3
## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### (3-1) ലോഗ് ബുക്കുകൾ ഹാജരാക്കിയിട്ടില്ല.

(എ) പഴയങ്ങാടി പിഎച്ച്സിയുടെ ഉടമസ്ഥതയിലുള്ള കെഎൽ 01 കെ 8606 നമ്പർ ജീപ്പിന്റെ ലോഗ് ബുക്ക് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. (ഓഡിറ്റ് റിക്വിസിഷൻ നമ്പർ എം.കെ.ടി 2 തിയ്യതി 22.2.2010) ഇന്ധന ചെലവുകളുടെ വിശദവും കൃത്യവുമായ പരിശോധനയ്ക്ക് പ്രസ്തുത രേഖ ആവശ്യമായതിനാൽ ലോഗ് ബുക്ക് ഓഡിറ്റിന് ഹാജരാക്കേ താണ്.

(ബി) ഏഴോം പിഎച്ച്സിയുടെ ഉടമസ്ഥതയിലു ായിരുന്ന കെഎൽ 13-എൻ- 8981 നമ്പർ വാഹനത്തിന്റെയും ഇപ്പോൾ ഉപയോഗത്തിലുള്ള കെഎൽ 01 കെ 9411 നമ്പർ വാഹനത്തിന്റെയും 1.4.07 മുതൽ 21.1.08 വരെയുള്ള ലോഗ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. (ഓഡിറ്റ് റിക്വിസിഷൻ നമ്പർ എം.കെ.ടി 3 തിയ്യതി 23.2.2010) ലോഗ് ബുക്കിന്റെ അഭാവത്തിൽ ഇന്ധന ചെലവുകളുടെ കൃത്യത സംബന്ധിച്ച് പരിശോധന നടത്താൻ സാധിച്ചിട്ടില്ല. ലോഗ് ബുക്ക് ഓഡിറ്റിന് ഹാജരാക്കേ താണ്.

### (3-2). മരുന്നിന് അധിക വില നൽകിയത് - തുക നിരാകരിക്കുന്നു

| | |
|---|---|
| സ്ഥാപനം | പിഎച്ച്സി പെരിങ്ങോം |
| വൗച്ചർ നമ്പർ | 32/07-08 തിയ്യതി 26.7.07 |
| ആകെ തുക | 9972/- |
| ബിൽ നമ്പർ | 1159 തിയ്യതി 23.6.07 |
| | മുദ്ര എന്റർപ്രൈസസ് പയ്യന്നൂർ |

പെരിങ്ങോം പിഎച്ച്സി ജില്ലാ മെഡിക്കൽ സ്റ്റോറിൽ നിന്നും ലഭ്യമല്ലാതിരുന്ന 6 മരുന്നുകൾക്ക് നമ്പർ എ2-തിയ്യതി 5.6.07 പ്രകാരം ക്വട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറവ് ക്വാട്ട് ചെയ്ത മുദ്ര എന്റർപ്രൈസസ് പയ്യന്നൂർ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തു. ***DICLOFENAC SODIUM (Fenak Tab)*** എന്ന ടാബ്ലറ്റിന് ക്വട്ടേഷനിൽ കാണിച്ച നിരക്ക് 3.75 രൂപയായിരുന്നുവെങ്കിലും മുദ്ര എന്റർപ്രൈസസ് നൽകിയ ബിൽ പ്രകാരം കാണിച്ചിരിക്കുന്ന വില 4.88 രൂപയാണ്. 390 എണ്ണത്തിന്റെ വിലയായി (390 x 4.88)=1903.20 രൂപ സ്ഥാപനത്തിന് നൽകിയിട്ടു ്. ക്വട്ടേഷൻ നിരക്ക് പ്രകാരം നൽകേ ിയിരുന്നത് (390 x 3.75)=1462.50 രൂപയാണ്. 440.70 രൂപ ക്വാട്ട് ചെയ്തതിൽ നിന്ന് അധികം നൽകിയിരിക്കുന്നു. മറ്റു സ്ഥാപനങ്ങൾ ഈ മരുന്നിന് ക്വാട്ട് ചെയ്ത നിരക്കുകൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 1. നോർത്തേൺ ഫാർമ, കാസർഗോഡ് | 4.50 രൂപ |
| 2.റോയൽ ഫാർമ, കാഞ്ഞങ്ങാട് | 4.25 രൂപ |

ഈ വൈരുദ്ധ്യം പരിഗണിക്കുമ്പോൾ തങ്ങൾ ക്വാട്ട് ചെയ്തതിൽ നിന്നു മാത്രമല്ല മറ്റു സ്ഥാപനങ്ങൾ ക്വാട്ട് ചെയ്തതിൽ നിന്നും അധിക തുകയാണ് മുദ്ര എൻർപ്രൈസസ് ഈടാക്കിയതെന്ന് കാണാൻ കഴിയുന്നു. ഇത് ന്യായീകരിക്കത്തക്കതായ യാതൊരു കാരണവും രേഖപ്പെടുത്തിക്കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും മറുപടി ലഭിച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ എം.കെ.ടി 2 തിയ്യതി 24.2.2010) ഈ സാഹചര്യത്തിൽ അധികം നൽകിയ തുകയായ 440.70 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

അധികം നൽകിയ തുക ഉത്തരവാദിയായ മെഡിക്കൽ ഓഫീസറിൽ നിന്നും ഈടാക്കേ താണ്.

**(3-3) ഏഴോം പിഎച്ച്സി വ്യത്യസ്ത ബില്ലുകളിലായി ഒരേ ഇനം വാങ്ങിയത് സംബന്ധിച്ച് തുക തടസ്സപ്പെടുത്തുന്നു**

| |
|---|
| വൗച്ചർ നമ്പർ 62/28.9.07 തുക 425 |
| വൗച്ചർ നമ്പർ 63/28.9.07 തുക 425 |
| വൗച്ചർ നമ്പർ 64/28.9.07 തുക 425 |
| വൗച്ചർ നമ്പർ 65/28.9.07 തുക 425 |
| ബിൽ നമ്പർ 188 മുതൽ 191 വരെ തിയ്യതി 10.5.07 |

മേൽ സൂചിപ്പിച്ച 4 വൗച്ചറുകളിലായി വി.കെ.പ്രിന്റേർസ് , പയ്യന്നൂർ എന്ന സ്ഥാപനത്തിൽ നിന്ന് ഓപി പാഡുകൾ വാങ്ങിച്ചിരിക്കുന്നു. 2500 എണ്ണം വീതമാണ് ഓരോ ബില്ലു വഴിയും പർച്ചേസ് ചെയ്തിരിക്കുന്നത്. നാലു ബില്ലുകളിലെയും തുക കൂട്ടിയാൽ 1700/- രൂപയുടെ പർച്ചേസാണ് നടത്തിയിരിക്കുന്നത് എന്ന് കാണാൻ കഴിയും. ഒരേ ദിവസം, ഒരേ ഇനം വ്യത്യസ്ത ബില്ലുകളിലായി പർച്ചേസ് ചെയ്ത നടപടി തികച്ചും ദുരൂഹമാണ്. 500 രൂപയിലധികം ചെലവു വരുന്ന വാങ്ങലുകൾക്ക് ക്വട്ടേഷൻ ക്ഷണിക്കണം എന്ന നിബന്ധന മറികടക്കുവാനാണ് ഇത്തരത്തിൽ വാങ്ങൽ നടത്തിയത് എന്നു സംശയിക്കുന്നു. ഈ നടപടിക്ക് വിശദീകരണം ലഭ്യമാക്കേ താണ്. കഴിഞ്ഞ മൂന്ന്/അഞ്ച് വർഷങ്ങളിലെ ഉപഭോഗം മുൻനിർത്തി ഓരോ വർഷവും ആവശ്യമായ സാധനങ്ങളുടെ പട്ടിക വർഷാരംഭത്തിനു മുമ്പ് തയ്യാറാക്കണം (സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക 5) എന്ന വ്യവസ്ഥ പാലിക്കേ തു ്.

ഈയിനത്തിൽ ചെലവഴിച്ച 1700/- രൂപ തടസ്സപ്പെടുത്തുന്നു. തൃപ്തികരമായ വിശദീകരണം ഹാജരാക്കി തടസ്സം നീക്കേ താണ്.

**(3-4) ഒപി ടിക്കറ്റ് പ്രിന്റിംഗ് - ബി ഫ□ ് ചെലവഴിച്ചത് - തുക തടസ്സപ്പെടുത്തുന്നു**

ഒ.പി ടിക്കറ്റ് വരവ് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റി ഫ ിലേക്കാണെന്നിരിക്കേ ഓപി ടിക്കറ്റ് പ്രിന്റിംഗിന് ബി ഫ ് വിനിയോഗിച്ചത് ശരിയായ നടപടിയല്ല. തുക ബന്ധപ്പെട്ട ഹെഡിലേക്ക് അഡ്ജസ്റ്റ് ചെയ്യേ താണ്.

***(1) പിഎച്ച്സി പെരിങ്ങോം***

| വൗച്ചർ നം | തുക |
|---|---|
| 52/31.10.07 | 700.00 |
| 58/31.10.07 | 700.00 |
| 76/31.10.07 | 700.00 |
| 134/1.2.08 | 480.00 |
| | **2580.00** |

***(2) ഗവ.ഹോസ്പിറ്റൽ, മാട്ടൂൽ***

| വൗച്ചർ നം | തുക |
|---|---|
| 33/07 | 600.00 |
| 38/07 | 600.00 |
| | **1200.00** |

***(1) പിഎച്ച്സി ഏഴോം***

| വൗച്ചർ നം | തുക |
|---|---|
| 129/31.3.08 | 1525.00 |
| ബിൽ നമ്പർ 377/22.3.08 | |
| | **1525.00** |

5305/- രൂപ (2580+1200+1525) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## (3-5) പൂരക പോഷകാഹാര വിതരണം എസ് 032/08 വിനിയോഗിക്കാത്ത തുക തിരിച്ചടക്കാത്തത് സംബന്ധിച്ച്

അടങ്കൽ 48,08,013/- രൂപ (പ്ലാൻ ഫ ്) 5,30,556/- രൂപ (കേന്ദ്ര വിഹിതം)
നിർവ്വഹണോദ്യോഗസ്ഥ : സിഡിപിഒ, പയ്യന്നൂർ

പൂരക പോഷകാഹാര വിതരണ പദ്ധതി അടങ്കലിന്റെ 1/3 വിഹിതമായി 43,31,697/- രൂപ 12 പഞ്ചായത്തുകൾക്ക് നൽകുന്നതിനായി സി.ഡി.പി.ഒ.വിന് കൈമാറിയത് മുഴുവനായും പഞ്ചായത്തുകൾക്ക് വീതിച്ചു നൽകിയിട്ടു ്. താഴെ പറയുന്ന പഞ്ചായത്തുകൾ ലഭ്യമാക്കിയ വിനിയോഗ സർട്ടിഫിക്കറ്റുകൾ പ്രകാരം 3,25,371/- രൂപ നീക്കിയിരിപ്പു ്.

| | നൽകിയ തുക | വിനിയോഗിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|
| കുഞ്ഞിമംഗലം | 248800 | 247137 | 1663 |
| ചെറുപുഴ | 362353 | 188297 | 174056 |
| മാടായി | 509998 | 421221 | 88777 |
| കരിവെള്ളൂർ | 306299 | 249484 | 56815 |
| രാമന്തളി | 296838 | 292778 | 4060 |
| | | | **325371** |

വിനിയോഗിക്കാത്ത തുക തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേ താണ്. 325371/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## (3-6) സർക്കാർ ഉത്തരവിന്റെ ലംഘനം

24.7.07 ലെ ജിഒ(എംഎസ്) 183/07/തസ്വഭവ ഉത്തരവ് (ഖണ്ഡിക 6-14) ൽ 5 ലക്ഷം രൂപയിൽ താഴെ അടങ്കൽ വരുന്ന പ്രോജക്ടുകൾ അടിയന്തിര ഘട്ടങ്ങളിലൊഴികെ ബ്ളോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കാൻ പാടില്ല എന്നു നിഷ്കർഷിച്ചിട്ടു ്. ഇതിനു വിരുദ്ധമായി കുറഞ്ഞ അടങ്കലുള്ള നിരവധി പ്രോജക്ടുകൾ അംഗീകാരം വാങ്ങി നടപ്പിലാക്കിയിട്ടു ്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| | | | അടങ്കൽ | തൻവർഷം ചെലവ് |
|---|---|---|---|---|
| 1 | കാക്കയംചാൽ-കൊല്ലാട്ട് റോഡ് | 76/08 | 265031 | 265031 |
| 2 | കണ്ണോം-ചാലായി കാവുംചാൽ റോഡ് | 77/08 | 250000 | 92950 |
| 3 | പാടി- കവരുവാനം മുടിക്കാനം റോഡ് | 79/08 | 250000 | 250000 |
| 4 | അടുത്തില വയലപ്ര വെങ്ങര ചെമ്പല്ലിക്കു ് റോഡ് | 82/08 | 250000 | 247923 |

ഇത്തരം അപാകതകൾ ഒഴിവാക്കേ താണ്. പദ്ധതികൾക്ക് അംഗീകാരം നൽകുമ്പോൾ ബന്ധപ്പെട്ട സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടു ന്ന് ഉറപ്പു വരുത്തേ താണ്.

.

## (3-7) വൃദ്ധസദനം - 12.88 ലക്ഷംരൂപ നിഷ്ക്രിയ ആസ്തിയാകുന്നു

2006-07 വർഷത്തിൽ ആരംഭിച്ച വൃദ്ധസദനം എന്ന പദ്ധതി പ്രകാരം 2007-08 വർഷത്തിൽ കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടു ്. (പദ്ധതി നം എസ് 008/08) അവസാന മൂല്യ നിർണ്ണയ പ്രകാരം (എം പുസ്തകം 21/06-07) ആകെ 1290360.74 രൂപയായി കണക്കാക്കി സാങ്കേതികാനുമതിയായ 12.88 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി) കരാറുകാരൻ ശ്രീ.എം.സലീമിന് നൽകിയിട്ടു ്. കെട്ടിട നിർമ്മാണം പൂർത്തിയാക്കിയെങ്കിലും വൃദ്ധ സദനത്തിന്റെ നടത്തിപ്പ് സംബന്ധിച്ച് ഇപ്പോഴും അവ്യക്തത തുടരുകയാണ്. വൃദ്ധ സദനത്തിന്റെ നടത്തിപ്പും ആവർത്തന ചെലവും ഏറ്റെടുക്കാൻ തയ്യാറാണെന്ന് കാങ്കോൽ ആലപ്പടമ്പ് ഗ്രാമപഞ്ചായത്ത് 14.6.06 ലെ 58/2006(5) തീരുമാന പ്രകാരം തീരുമാനിച്ചതായി ഫയലിൽ നിന്നും വ്യക്തമാകുന്നു ്. വാർഷിക ചെലവ് 81750/- രൂപയെന്നും കണക്കാക്കിയിട്ടു ്. എന്നാൽ തുടർന്ന് ഇക്കാര്യത്തിൽ എന്തെങ്കിലും പുരോഗതിയുള്ളതായി കാണുന്നില്ല.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം അഞ്ചാം പട്ടിക ഖണ്ഡിക ബി (12) പ്രകാരം അഗതികൾക്കായുള്ള ക്ഷേമകേന്ദ്രങ്ങൾ സ്ഥാപിക്കുകയെന്നത് ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്ന വിഷയ മായിരിക്കേ ബ്ളോക്ക് പഞ്ചായത്ത് മേൽ പദ്ധതി ഏറ്റെടുത്ത് നടത്താൻ ഉ ായ കാരണം വ്യക്തമല്ല. നിലവിൽ 12.88 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം ഉപയോഗിക്കാതെയിട്ടിരിക്കുകയാണ്.

### (3-8) ബ്ളോക്ക് പഞ്ചായത്തിന്റെ പുതിയ കെട്ടിടം - വികസന പ്രവർത്തനം.

പയ്യന്നൂർ ബ്ളോക്ക് പഞ്ചായത്തിന്റെ പുതിയ കെട്ടിടത്തിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും ഒന്നാം നില പണിയുന്നതിനുമായി തയ്യാറാക്കിയ പദ്ധതി (നം എസ് 30/08) പ്രകാരം 299231/- രൂപ ബിൽ നം 79/07-08 പ്രകാരം ചെലവഴിച്ചിട്ടു ്. വികസനത്തിന് വേ ി തയ്യാറാക്കിയ എസ്റ്റിമേറ്റും ഡ്രോയിംഗും പ്രകാരം സെക്രട്ടറിയുടെ മുറി നിലവിലുള്ള 3.70 x 3.6 മീ എന്ന വലിപ്പത്തിൽ നിന്നും 7.40 x 3.60 മീറ്റർ എന്നാക്കാനും, ഓഫീസ്ഹാൾ നിലവിലുള്ള 10.20x 4.50 മീറ്റർ വലുപ്പത്തിൽ നിന്നും നിലവിലുള്ള സ്റ്റോർ മുറി കൂടി ഉൾപ്പെടുത്തി 14.75 x 4.50 മീർ എന്ന വലിപ്പത്തിലേക്ക് മാറ്റാനും, മുകളിൽ മീറ്റിംഗ് ഹാളിനോടനുബന്ധിച്ച് 3 ടോയിലറ്റുകൾ നിർമ്മിക്കാനും വിഭാവനം ചെയ്യുന്നു ്. എന്നാൽ പണി പൂർത്തിയാക്കിയപ്പോൾ മേൽപ്പറഞ്ഞ സൗകര്യങ്ങൾ ഒന്നും തന്നെ തയ്യാറാക്കിയതായി കാണുന്നില്ല. പദ്ധതി അടങ്കൽ 3 ലക്ഷം രൂപ ഏതാ ് മുഴുവനായും ചെലവഴിച്ചിട്ടും ലക്ഷ്യമിട്ട സൗകര്യ വർദ്ധന പൂർണ്ണമായും ലഭ്യമാക്കാൻ കഴിയാത്തത് പദ്ധതി ആസൂത്രണത്തിലെയും നടത്തിപ്പിലെയും പിഴവാണ്.

### (3-9) മരാമത്ത് പ്രവൃത്തികൾ - ഭാഗിക ബിൽ അനുവദിക്കുമ്പോൾ റീടെൻഷൻ തുക പിടിച്ചു വയ്ക്കുന്നില്ല

ബ്ളോക്ക് പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾക്ക് ഭാഗിക ബിൽ അനുവദിക്കുമ്പോൾ കേരളാ സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ ഖണ്ഡിക 1.11.1 അനുശാസിക്കും പ്രകാരം ആകെ മൂല്യത്തിന്റെ 10% റീടെൻഷൻ തുകയായി തടഞ്ഞു വയ്ക്കണമെന്ന വ്യവസ്ഥ പാലിക്കുന്നില്ല. കരാറുടമ്പടി വ്യവസ്ഥകൾ ഖണ്ഡിക 12 കാണുക. ഇത്തരത്തിൽ ജാമ്യ നിക്ഷേപ തുക (റീടെൻഷൻ തുക) ഈടാക്കാത്തത് പഞ്ചായത്തിന്റെ സാമ്പത്തിക താൽപ്പര്യങ്ങൾക്ക് വിരുദ്ധമാണ്. ജാമ്യ നിക്ഷേപ തുക ഈടാക്കാത്ത ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| | ബിൽ നമ്പർ | പദ്ധതി നമ്പർ | പ്രവൃത്തി | പ്രവൃത്തി മൂല്യം |
|---|---|---|---|---|
| 1 | 62/07-08 | 75/08 | ഏറ്റുക്കുടുക്ക-മുത്തപ്പൻ ക്ഷേത്രം -പാച്ചേനി പുത്തൂർ റോഡ് ഭാഗിക ബിൽ | 355192.00 |
| 2 | 84/07-08 | 77/08 | കണ്ണോം ചേടിയിൽ റോഡ് നിർമ്മാണം ഭാഗിക ബിൽ | 92950.00 |
| 3 | 86/07-08 | 81/06 | മാട്ടൂർ തീരദേശ റോഡ് മെറ്റലിംഗ് ടാറിംഗ് 0/050 മുതൽ 0/165 വരെ ഭാഗിക ബിൽ | 171271.00 |

ഭാഗിക ബിൽ നൽകുമ്പോൾ 10% ജാമ്യ നിക്ഷേപ തുക നിർബന്ധമായും ഈടാക്കേ താണ്.

## ഭാഗം 4
## ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

### (4-1) വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

### (4-2) സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

(4-3) **സർക്കാരിലേക്കും വിവിധ സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനുള്ള തുകകൾ**

കേന്ദ്ര സംസ്ഥാന സർക്കാരുകളിലേക്കും മറ്റു വിവിധ സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനായി പിരിച്ചിട്ടുള്ളതും ഒടുക്കിയതും ഒടുക്കുവാൻ ബാക്കി നിൽക്കുന്നതുമായ തുകകളുടെ വിവരം കാണിക്കുന്ന ഡ്യൂസ് ടു ഗവൺമെന്റ് രജിസ്റ്ററും വരവു ചെലവു രജിസ്റ്ററും സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിശദ വിവരങ്ങൾ ലഭ്യമല്ല.

(4-4) **ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം ലഭിച്ച 284/- രൂപയുടെ വിശദ വിവരം താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | തിരികെ ഈടാക്കിയ തുക | | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തിയ്യതി |
|---|---|---|---|---|---|
| | | വരവു നഷ്ടം | ചെലവു നഷ്ടം | | |
| 2000-01 | | | 142.00 | ശ്രീ.യു.കെ.സുരേന്ദ്രൻ, ജിഇഒ | 5/15 26.9.07 |
| 2000-01 | | | 142.00 | ശ്രീ.പി.നാരായണൻ, വിഇഒ | 5/16 26.9.07 |
| | ആകെ | | **284.00** | | |

**(4-5) ഓഡിറ്റ് ചാർജ്ജ്**

| | |
|---|---|
| വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരവ് | 32403651.00 |
| **കുറയ്ക്കുക** | |
| നിക്ഷേപം(സെക്യൂരിറ്റി നിക്ഷേപം/നിരതദ്രവ്യം) | 88854.00 |
| മുൻകൂർ വാടക | 15000.00 |
| ഐഎവൈ ഭവന നിർമ്മാണം ഗ്രാമപഞ്ചായത്ത് വിഹിതം | 877500.00 |
| വിൽപന/വാങ്ങൽ നികുതി | 7244.00 |
| കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം | 7103901.00 |
| ഒഡിറ്റ് റിക്കവറി (ചെലവു നഷ്ടം തിരികെ) | 284.00 |
| ബി ഫ ് ലാപ്സായത് | 119083.00 |
| കമ്മ്യൂണിറ്റി സാനിട്ടേഷൻ ഗ്രാമപഞ്ചായത്ത് വിഹിതം | 120000.00 |
| ഓഡിറ്റ് ചാർജ്ജ് കണക്കാക്കാവുന്ന വരവ് | **24071785.00** |

| | |
|---|---|
| ഓഡിറ്റ് ചാർജ്ജ് ½% നിരക്കിൽ | 120359.00 |
| മുൻവർഷാവസാനം വരെ സർക്കാരിലൊടുക്കുവാൻ ബാക്കിയു ായിരുന്ന ഓഡിറ്റ് ചാർജ്ജ് | 1349479.00 |
| ആകെ | 1469838.00 |
| (-)തന്നാ ിലൊടുക്കിയ തുക | |
| (-) തന്നാ ിൽ ഗ്രാന്റിൽ/പദ്ധതി വിഹിതത്തിൽ വകയിരുത്തിയ തുക | ഇല്ല |
| **31.3.07ൽ സർക്കാരിലൊടുക്കുവാൻ ബാക്കിയുള്ള ഓഡിറ്റ് ചാർജ്ജ്** | **1469838.00** |

ഒടുക്കുവാൻ ബാക്കിയുള്ള തുകയുടെ വർഷം തിരിച്ചുള്ള വിവരം

| **വർഷം** | **തുക** |
|---|---|
| 2000-01 വരെ | 821565.0 |
| 2001-02 | 124422.00 |
| 2002-03 | 71097.00 |
| 2003-04 | 107193.00 |
| 2004-05 | 62246.00 |
| 2005-06 | 46819.00 |
| 2006-07 | 116137.00 |
| 2007-08 | 120359.00 |
| **ആകെ** | **1469838.00** |

ഈ തുക 0070-60-110-99 ഓഡിറ്റ്ചാർജ്ജ് എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി ഒറിജിനൽ ചെലാൻ ലോക്കൽ ഫ ് ഓഡിറ്റ് ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അയച്ചുകൊടുക്കേ താണ്.

(4-6) **ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 32403651.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 24926575.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 440.70 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 330676.00 |

## (ബി) പഞ്ചായത്ത് ഫ□ 1നു□ ായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 440.70 | ഡോ.രാജേഷ്.എം, മെഡിക്കൽ ഓഫീസർ, പിഎച്ച്സി പെരിങ്ങോം |

**ബി(1) തടസ്സപ്പെടുത്തിയ തുക**

| | |
|---|---|
| 3-4 | 5305.00 |
| 3-5 | 325371.00 |
| | **330676.00** |

## (സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കു□ ായ നഷ്ടത്തിന്റെ വിവരം

ഇല്ല

## (ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## (ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.രാജേഷ്.എം മെഡിക്കൽ ഓഫീസർ | ഡോ.രാജേഷ്.എം, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പാപ്പിനിശ്ശേരി | ലഭ്യമല്ല |

## (4-6) തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 2000-01 | എൽഎഫ് ഡി4/97(07)/08 തിയ്യതി 20.8.08 | |
| 2002-03 | എൽഎഫ് ഡി4/1844/06 തിയ്യതി 7.6.07 | |
| 2003-04 | എൽഎഫ് കെഎൻആർ/ ഡി4/632/09 തിയ്യതി 11.12.09 | |
| 2004-05 | എൽഎഫ് കെഎൻആർ/ ഡി4/633/09 തിയ്യതി 11.12.09 | |
| 2005-06 | എൽഎഫ് കെഎൻആർ/ ഡി4/1282/09 | |
| 2006-07 | എൽഎഫ് കെഎൻആർ/ ഡി4/1283/09 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേ   താണ്.

**ലോക്കൽ ഫ□ ് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ),**
**കണ്ണൂർ ജില്ല**

***Balu***

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട് സഹിതം)

എൽ.എഫ്.കെഎൻആർ/ഡി4/224/2010

ലോക്കൽ ഫ ് ഓഡിറ്റ്
ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
കണ്ണൂർ ജില്ല,
തീയതി : 6.8..2010

ലോക്കൽ ഫ ് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ,
കണ്ണൂർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)
പയ്യന്നൂർ ബ്ളോക്ക് പഞ്ചായത്ത്

സർ,

വിഷയം : പയ്യന്നൂർ ബ്ളോക്ക് പഞ്ചായത്ത് 2007-08 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

1994 ലെ കേരളാ ലോക്കൽ ഫ ് ഓഡിറ്റ് നിയമം 13-ാം വകുപ്പ് , 1996 ലെ കേരളാ ലോക്കൽ ഫ ് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പയ്യന്നൂർ ബ്ളോക്ക് പഞ്ചായത്തിന്റെ 2007-08 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫ ് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ 2-1, 3-5, 3-7, 3-8, 3-9 എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേ താണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ളോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേ തും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ ബ്ളോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേ തുമാണ്. (കേരളാ പഞ്ചായത്ത് രാജ് - പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ 14,15)

ഈ റിപ്പോർട്ട് കൈപ്പറ്റി ര ു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേ തും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേ തുമാണ്. (ലോക്കൽ ഫ ് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് - പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ലോക്കൽ ഫ ് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ),
കണ്ണൂർ ജില്ല

പകർപ്പ് :

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (ഉപരിപത്രം സഹിതം)
2. ലോക്കൽ ഫ ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. അസി.ഡവലപ്മെന്റ് കമ്മീഷണർ, കണ്ണൂർ ജില്ല.
4. ഓഫീസ് കോപ്പി
5. സ്പെയർ

Bal

# വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിൻമേലുള്ള ഓഡിറ്റ് അഭിപ്രായ സർട്ടിഫിക്കറ്റ്

1. ജില്ല : കണ്ണൂർ
2. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് : പയ്യന്നൂർ ബ്ളോക്ക് പഞ്ചായത്ത്
3. ധനകാര്യ സ്റ്റേറ്റ്മെന്റ് വർഷം : 2007-08

## ഭാഗം - 1

## ഓഡിറ്റിന്റെ വ്യാപ്തി

1994 ലെ കേരളാ ലോക്കൽ ഫ ് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ച് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേ ി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻന്റേർഡുകൾ അവലംബിച്ചും പയ്യന്നൂർ ബ്ളോക്ക് പഞ്ചായത്തിന്റെ 2007-08 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

## ഭാഗം - 2

## ഓഡിറ്ററുടെ അഭിപ്രായം

സ്ഥാപനത്തിന്റെ പേര് : പയ്യന്നൂർ ബ്ളോക്ക് പഞ്ചായത്ത്

ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ കാലം : 2007-08

ധനകാര്യ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയതിന് അടിസ്ഥാനമായ ചട്ടം/ഉത്തരവ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(2)-ാം വകുപ്പ്, 1997 ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 11(1), 1994 ലെ കേരള ലോക്കൽ ഫ ് ഓഡിറ്റ് നിയമം 9(1) -ാം വകുപ്പ്, 12.6.03 ലെ ജി.ഒ.(പി) 177/06/ഫിൻ എന്നിവ അനുശാസിക്കും പ്രകാരമാണ് ധനകാര്യ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയത്.

## നിരാകരണ സർട്ടിഫിക്കറ്റ്

എന്റെ റിപ്പോർട്ടിലെ 2-1, 2-4, 2-5, 2-6, 2-7 തുടങ്ങിയ ഖണ്ഡികകളിൽ സൂചിപ്പിച്ചിട്ടുള്ളതു പോലെ ആവശ്യമായ എല്ലാ വിവരങ്ങളും എനിക്ക് ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്തിന് ലഭിക്കേ വരുമാനത്തിൽ കുറവു വന്നതു മൂലമുള്ള നഷ്ടം വന്നിട്ടു ന്നും ചെലവായ തുകകൾ ശരിയായ ഉദ്ദേശ്യങ്ങൾക്കു വേ ിയാണോ വിനിയോഗിച്ചതെന്നും ഈ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പയ്യന്നൂർ ബ്ളോക്ക് പഞ്ചായത്തിന്റെ 2007-08 ലെ വരവ് ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നുവെന്നോ ഉള്ള അഭിപ്രായം രേഖപ്പെടുത്താൻ സാദ്ധ്യമല്ല.

ലോക്കൽ ഫ ് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.),
ജില്ലാ കാര്യാലയം, കണ്ണൂർ.

തീയതി: 6-08-2010.